18-5-2011 മുതൽ 31-12-011 വരെ - 38139

2012 - 26657

2013 - 24679

2014 - 25009 ;

മറ്റു വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

കരാർ നിയമനവും സ്ഥിരപ്പെടുത്തലും

48 (53) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിൽ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ ചട്ടവിരുദ്ധമായി നിയമിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ സർക്കാർ വകുപ്പുകളിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുകയും ചട്ടവിരുദ്ധമായി അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നരീതി നിർത്തലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

കേരള സിവിൽ സർവ്വീസ്

49 (54) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ സർവ്വീസ് പ്രകാരം ഏതൊക്കെ വകുപ്പുകളിലെ എത്ര തസ്തികകൾ വീതമാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ഈ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന്റെ പ്രായപരിധി എത്രയാണ്;

(സി) സർവ്വീസിലുള്ളവർക്ക് എത്ര ശതമാനം സീറ്റുകളാണ് നീക്കിവച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly